തിരിച്ചുവരും UDF
കുതിച്ചുയരും റാന്നി

# റാന്നിക്കും വേണം വികസനം

തിരിച്ചുവരും UDF
കുതിച്ചുയരും റാന്നി



CONSTITUENCY MANIFESTO

## വികസന അജണ്ട



## അഡ്വ. പഴകുളം മധു

## CHANGE IS INEVITABLE

Scan Me

തിരിച്ചുവരും UDF കുതിച്ചുയരും റാന്നി

അഡ്വ. പഴകുളം മധു

**അഡ്വ. പഴകുളം മധു**
തെങ്ങുംകാലായിൽ വീട്, ഐത്തല റോഡ്, പഴവങ്ങാടി പി.ഒ, റാന്നി.
+91 94473 45433

Printed at Akshara Offset, Trivandrum | Published by UDF Election Committee Convenor, Ranni Constituency | Quantity: 3,000


# മധു വരും മാറ്റം വരും

**CONSTITUENCY MANIFESTO**

**വികസന അജണ്ട**

**തിരിച്ചുവരും UDF കുതിച്ചുയരും റാന്നി**

PAZHAKULAM MADHU



പ്രിയപ്പെട്ടവരേ.

വെറും വാഗ്ദാനങ്ങൾ നൽകി വോട്ട് ചോദിക്കാൻ എനിക്ക് കഴിയില്ല. റാന്നിയുടെ മണ്ണും മനസ്സും നേരിട്ടറിഞ്ഞ്, നമ്മൾ ഒത്തുചേർന്ന് നടത്തിയ 'വികസന സെമിനാർ' വൻ വിജയമാക്കിയ നിങ്ങളോരോരുത്തരോടും എനിക്ക് നിസീമമായ കടപ്പാടുണ്ട്. ആ സെമിനാറിൽ നിങ്ങൾ പങ്കുവെച്ച ആശങ്കകൾ - കുടിവെള്ളക്ഷാമം മുതൽ വന്യജീവി ആക്രമണം വരെയുള്ള ദുരിതങ്ങൾ - എന്റേതുകൂടിയാണ്.

ഈ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുക എന്നതാണ് എന്റെ ആദ്യലക്ഷ്യം. നമ്മുടെ കുട്ടികൾക്ക് മികച്ച ഉപരിപഠന സൗകര്യങ്ങൾ, യുവാക്കൾക്കായി സ്പോർട്സ് ഹബ്ബ്, റാന്നിയുടെ പ്രകൃതിഭംഗി പ്രയോജനപ്പെടുത്തിയുള്ള ഇക്കോ ടൂറിസം പദ്ധതികൾ എന്നിവയിലൂടെ ഒരു 'ഹൈടെക് റാന്നി' നമുക്ക് കെട്ടിപ്പടുക്കണം.

'റാന്നിക്കും വേണം വികസനം' എന്ന ശീർഷകത്തിൽ സംഘടിപ്പിച്ച വികസന സെമിനാറിലെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ഈ പ്രകടനപത്രികയുടെ മർമ്മം. വിവിധ മേഖലകളിലെ വിദഗ്ധരും റാന്നിയിലെ പൗരാവലിയും പങ്കുവെച്ച വിലപ്പെട്ട നിർദ്ദേശങ്ങൾ ഇതിൽ കോർത്തിണക്കിയിട്ടുണ്ട്.

ഇതൊരു അവസാന വാക്കല്ല; മറിച്ച് ഒരു തുടക്കമാണ്. ഈ രേഖ നിങ്ങളുടെ ചർച്ചകളിലേക്ക് വരുമ്പോൾ കൂടുതൽ മികച്ച ആശയങ്ങളും ചിന്തകളും ഉയരുമെന്ന് എനിക്ക് ഉറപ്പുണ്ട്. നിങ്ങളിൽ ഓരോരുത്തർക്കും ഇതിലേക്ക് നിർദ്ദേശങ്ങൾ നൽകാം. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട്, വരും തലമുറയ്ക്കായി കൂടുതൽ സമ്പുഷ്ടമായ ഒരു 'റാന്നി മാസ്റ്റർ പ്ലാൻ' നമുക്ക് ഒരുമിച്ച് തയ്യാറാക്കാം.

നമ്മുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ഞാൻ നിങ്ങളോടൊപ്പമുണ്ടാകും. റാന്നിയുടെ സമഗ്രമായ വളർച്ചയ്ക്കായി നിങ്ങളുടെ വിലപ്പെട്ട ഓരോ വോട്ടും എനിക്ക് നൽകി അനുഗ്രഹിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റാന്നിയുടെ വളർച്ചയ്ക്കായി നമുക്ക് **കൈ**കോർക്കാം.

സ്നേഹപൂർവ്വം,

**അഡ്വ. പഴകുളം മധു**








## ആമുഖം

പമ്പാനദിയുടെ പുണ്യവും മലനിരകളുടെ പച്ചപ്പും സംഗമിക്കുന്ന റാന്നി, വരും ദശകങ്ങളിൽ കേരളത്തിന്റെ വികസന ഭൂപടത്തിൽ ഒരു സുപ്രധാന നാഴികക്കല്ലാകാൻ ഒരുങ്ങുകയാണ്. കാർഷിക സമൃദ്ധിയുടെയും കുടിയേറ്റ പോരാട്ടങ്ങളുടെയും പാരമ്പര്യമുള്ള ഈ നാട്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നേരിടാൻ സജ്ജമാകേണ്ടതുണ്ട്. ആയതിനാൽ പരമ്പരാഗതമായ വിഭവങ്ങളെ ആധുനിക സാങ്കേതികവിദ്യയുടെ കരുത്തിൽ പുനരാവിഷ്കരിക്കുക എന്നതാണ് 'റാന്നി വികസന അജണ്ട' ലക്ഷ്യമിടുന്നത്.

ഈ വികസന രൂപരേഖ കേവലം അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രം ഒതുങ്ങുന്നില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേർണിംഗ് (ML), റോബോട്ടിക്സ് തുടങ്ങിയ അത്യാധുനിക മേഖലകളിൽ നമ്മുടെ യുവതലമുറയെ പ്രാപ്തരാക്കുന്നതിലൂടെ റാന്നിയെ ഒരു 'നോളജ് ഹബ്ബ്' ആയി മാറ്റുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. ഒപ്പം, കലാ-കായിക പ്രതിഭകളെ വളർത്താനും, പമ്പാനദിയെയും മലയോര വിനോദസഞ്ചാര സാധ്യതകളെയും സുസ്ഥിരമായി വികസിപ്പിക്കാനും 'റാന്നി വികസന അജണ്ട' ഊന്നൽ നൽകുന്നു.

Eco-Tech Harmony (പരിസ്ഥിതിയും സാങ്കേതികവിദ്യയും തമ്മിലുള്ള സന്തുലിതാവസ്ഥ) എന്ന ആശയം ആധാരമാക്കി റാന്നിയുടെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതിയ ഉയരങ്ങളിൽ എത്തിക്കുകയാണ് ലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങളായ ശുദ്ധജല വിതരണം, പാർപ്പിട പദ്ധതി, റോഡുകൾ, പാലങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനൊപ്പം ഹ്രസ്വ-ദീർഘകാല അടിസ്ഥാനത്തിലുള്ള നൂതന വികസന ആശയങ്ങൾ കൂട്ടായ ചർച്ചകളിലൂടെ ആവിഷ്കരിക്കുകയാണ്. തദ്ദേശ വികസന ഫണ്ട്, കേന്ദ്ര സർക്കാർ പാക്കേജ്, സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ (CSR) ഫണ്ട്, തദ്ദേശീയരായ നിക്ഷേപകരെയും (NRI) ആകർഷിച്ചുകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കും.






## റാന്നി-ഡിജിറ്റൽ റാണി: അറിവിന്റെയും നൈപുണ്യത്തിന്റെയും പുതുയുഗം.

റാന്നിയിലെ യുവതലമുറയെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), റോബോട്ടിക്സ്, മെഷീൻ ലേർണിംഗ് (ML) തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളിൽ മുൻനിരയിലെത്തിക്കുക എന്നതാണ് ലക്ഷ്യം.

**നിലവിലെ പ്രധാന പ്രതിസന്ധികൾ (Major Challenges)**

- സാങ്കേതിക വിടവ് (Digital Divide).
- പ്രായോഗിക പരിശീലനത്തിന്റെ അഭാവം.
- യുവജനങ്ങളുടെ പലായനം.

**ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ (Proposed Actions)**

- **ഇന്നൊവേഷൻ ലാബ്:** റാന്നിയിലെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ എഐ (AI) & റോബോട്ടിക്സ്, മെഷ്യൻ ലേണിംഗ് (ML) 'സ്മാർട്ട് ലാബുകൾ' സ്ഥാപിക്കും. ഇവിടെ വിദ്യാർത്ഥികൾക്ക് കോഡിംഗ്, ML, ഡ്രോൺ സാങ്കേതികവിദ്യ തുടങ്ങിയവയിൽ സ്കൂൾതലം മുതൽ പ്രായോഗിക പരിശീലനം നൽകും.
- **റാന്നി നൈപുണ്യ വികസന ഹബ്ബ്:** തൊഴിലന്വേഷകർക്കായി പ്രത്യേകം സജ്ജമാക്കിയ ഈ കേന്ദ്രത്തിൽ ഡാറ്റാ സയൻസ്, മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, റോബോട്ടിക് എന്നിവയിൽ ദേശീയ-അന്തർദ്ദേശീയ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കും. പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളുമായും പ്രാദേശിക സ്റ്റാർട്ടപ്പുകളുമായും സഹകരിച്ച് ഇന്റേൺഷിപ്പ് സൗകര്യങ്ങൾ ഉറപ്പാക്കും.
- **പ്രാദേശിക ഡിജിറ്റൽ ടാസ്ക് ഫോഴ്സ്:** തദ്ദേശീയരായ സാങ്കേതികവിദഗ്ധർ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കും. ഇവർ പഞ്ചായത്ത് തലത്തിൽ ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുകയും യുവാക്കൾക്ക് മെന്റർഷിപ്പ് നൽകുകയും ചെയ്യും.

ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ റാന്നിയിലെ ഓരോ കുടുംബത്തിലും ചുരുങ്ങിയത് ഒരു 'ഡിജിറ്റൽ വിദഗ്ധൻ' എങ്കിലും ഉണ്ടെന്ന് ഉറപ്പാക്കാൻ സാധിക്കും. ഈ പദ്ധതികൾക്കായി ഗൂഗിൾ (Google), മൈക്രോസോഫ്റ്റ് (Microsoft), സോഹോ (Zoho), ഇൻഫോസിസ് (Infosys) തുടങ്ങിയ പ്രമുഖ ഐ.ടി. സ്ഥാപനങ്ങളുടെ സി.എസ്.ആർ (CSR) ഫണ്ടുകൾ നേടിയെടുക്കാൻ പരിശ്രമിക്കും.

- **സിവിൽ സർവീസ് അക്കാഡമി:** വിദ്യാർത്ഥികളുടെ സിവിൽ സർവീസ് എന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി സിവിൽ സർവീസ് അക്കാദമിയുടെ സബ്-സെന്റർ റാന്നി കേന്ദ്രീകരിച്ച് ആരംഭിക്കും.





## റാന്നി-അഗ്രി-ടെക് റാണി: പാരമ്പര്യവും സാങ്കേതികതയും കൈകോർക്കുന്ന കാർഷിക വിപ്ലവം.

റാന്നിയിലെ തനതായ ഭൂപ്രകൃതിക്കും കാർഷിക വിളകൾക്കും അനുയോജ്യമായ രീതിയിൽ ഉൽപ്പാദനവും വിപണനവും മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ആയതിന് ലഭ്യമായ തരിശുഭൂമി ഉപയോഗപ്രദമാക്കാം.

**നിലവിലെ പ്രധാന പ്രതിസന്ധികൾ (Major Challenges)**

- വന്യജീവി ശല്യവും കാലാവസ്ഥ വ്യതിയാനവും.
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവം.
- ആധുനികവൽക്കരണത്തിന്റെ കുറവ്.


**ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ (Proposed Actions)**

- **സ്മാർട്ട് ഫാമിംഗ്:** കൃഷിയിടങ്ങളിൽ ഡ്രോണുകൾ ഉപയോഗിച്ച് വളപ്രയോഗം നടത്താനും, മണ്ണിന്റെ ഈർപ്പവും പോഷകഗുണവും അളക്കാൻ AI അധിഷ്ഠിത സെൻസറുകൾ സ്ഥാപിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.
- **സംയോജിത ഫാം ലാബ് (Integrated Farm Lab):** റാന്നിയിൽ ഒരു മാതൃകാ ഫാം ലാബ് വികസിപ്പിക്കും. ഇവിടെ ഓർഗാനിക് ഫാമിംഗ് (ജൈവകൃഷി), വിത്ത് ഉത്പാദനകേന്ദ്രം, ഡയറി യൂണിറ്റുകൾ, ഹൈടെക് പ്ലാന്റ് നഴ്സറികൾ എന്നിവ ഉൾപ്പെടുത്തുകയും വിദ്യാർത്ഥികൾക്കും കർഷകർക്കും ആവശ്യമായ പ്രായോഗിക പരിശീലനം നൽകുകയും ചെയ്യും.

ഇതിനെ കാർഷിക വ്യവസായ യൂണിറ്റുകൾ കൂടി ഉൾപ്പെടുത്തി ഒരു 'സ്റ്റാർട്ടപ്പ് ഇന്നൊവേഷൻ സെന്റർ' ആയി വികസിപ്പിക്കാവുന്നതാണ്. ഗവേഷണം, പഠനം, പരിശീലനം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് ഈ കേന്ദ്രത്തെ ഒരു 'ഇന്റഗ്രേറ്റഡ് അഗ്രി-ടെക് പാർക്ക്' (Integrated Agri-Tech Park) ആയി ഉയർത്തും. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രത്യേക സഹായവും പാക്കേജുകളും തേടും.

- **സെഡ് (ZED) അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ:** 'സീറോ ഇഫക്റ്റ് സീറോ ഡിഫക്റ്റ്' (ZED) തത്വത്തിൽ അധിഷ്ഠിതമായ ചെറുകിട വ്യവസായ പാർക്കുകൾ സ്ഥാപിക്കും. റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജന സംസ്കരണം എന്നിവയ്ക്ക് മുൻഗണന നൽകും. ഈ പദ്ധതി എം എസ് എം ഇ പ്രോത്സാഹിപ്പിക്കുവാനുള്ള കേന്ദ്ര പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.
- **ഡിജിറ്റൽ അഗ്രി-മാർക്കറ്റ്:** കർഷകർക്ക് ഇടനിലക്കാരില്ലാതെ ഉൽപ്പന്നങ്ങൾ വിൽക്കാൻ ഒരു മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കും. ഇത് കർഷകരെ നേരിട്ട് ഉപഭോക്താക്കളുമായും കയറ്റുമതിക്കാരുമായും ബന്ധിപ്പിക്കും.

ഈ പദ്ധതിയിലൂടെ റാന്നിയിലെ കൃഷിയെ ലാഭകരമായ ഒരു വ്യവസായമായി മാറ്റാനും പരിസ്ഥിതി സൗഹൃദമായ വ്യാവസായിക ഉണർവ് കൊണ്ടുവരാനും സാധിക്കും.



## റാന്നി-ഗ്രീൻ റാണി: പമ്പാനദിയും മലനിരകളും സംഗമിക്കുന്ന ഇക്കോ-ടൂറിസം ഹബ്ബ്.

റാന്നിയുടെ ഭൂപ്രകൃതിയും ജലസമ്പത്തും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ വിനോദസഞ്ചാരത്തിനായി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ കാതൽ.

**നിലവിലെ പ്രധാന പ്രതിസന്ധികൾ (Major Challenges)**

- അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
- പരിസ്ഥിതി മലിനീകരണം
- പ്രചാരണത്തിന്റെ അഭാവം

**ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ (Proposed Actions)**

- **റിവർ ടൂറിസം (Pamba Hub):** പമ്പാനദിയെ കേന്ദ്രീകരിച്ച് കയാക്കിംഗ്, റിവർ റാഫ്റ്റിംഗ്, പെഡൽ ബോട്ടിംഗ് എന്നിവ ആരംഭിക്കും. പമ്പയുടെ തീരങ്ങളിൽ സുരക്ഷിതമായ വാക്ക്-വേകളും, ലാൻഡിംഗ് പോയിന്റുകളും നിർമ്മിക്കും.
- ഇതിന്റെ ഭാഗമായി 'റിവർ വില്ലേജ്' എന്ന സാധ്യത പ്രയോജനപ്പെടുത്തും.
- **മലയോര വിനോദസഞ്ചാരം (Hill-Top Circuit):** റാന്നിയിലെ മലനിരകളെ ബന്ധിപ്പിച്ചുകൊണ്ട് ഇക്കോ-ട്രെക്കിംഗ് പാതകൾ വികസിപ്പിക്കും. സന്ദർശകർക്കായി പ്രകൃതിസൗഹൃദമായ മരവീടുകളും (Tree-top Huts) ക്യാമ്പിംഗ് സൈറ്റുകളും ഒരുക്കും.
- **ഡിജിറ്റൽ ഗൈഡിംഗ് & AI:** വിനോദസഞ്ചാരികൾക്ക് ഓരോ സ്ഥലത്തെയും ചരിത്രവും ഭൂമിശാസ്ത്രവും വിശദീകരിക്കാൻ QR കോഡ് അധിഷ്ഠിത ഓഡിയോ ഗൈഡുകളും AI ചാറ്റ്ബോട്ടുകളും സജ്ജമാക്കും.
- **ഗ്രീൻ പ്രോട്ടോകോൾ:** വിനോദസഞ്ചാര മേഖലകളിൽ 'സീറോ പ്ലാസ്റ്റിക്' നയം കർശനമാക്കും. പ്ലാസ്റ്റിക് ഫ്രീ റാന്നിയുടെ ഭാഗമായി തുണി സഞ്ചി, പേപ്പർ സഞ്ചി നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കാം. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയുടെ ഭാഗമാകാം.
- മലയോര മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം നിരീക്ഷിക്കാൻ അത്യാധുനിക സെൻസറുകൾ സ്ഥാപിക്കുകയും ദുരന്തനിവാരണ സേനയെ (KSDMA മാതൃകയിൽ) സജ്ജമാക്കുകയും ചെയ്യും.
- ഈ പദ്ധതിയിലൂടെ പ്രാദേശികമായ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും റാന്നി ഇക്കോ-ടൂറിസം ഭൂപടത്തിൽ ഇടംപിടിക്കുകയും ചെയ്യും.





## റാന്നി- ആരോഗ്യമുള്ള റാണി: കരുത്തുറ്റ ജനതയ്ക്കായി ആധുനികവും കായികവുമായ മുന്നേറ്റം.

ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും യുവതലമുറയുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**നിലവിലെ പ്രധാന പ്രതിസന്ധികൾ (Major Challenges)**

- സൗകര്യങ്ങളുടെ പരിമിതി
- ജീവിതശൈലീ രോഗങ്ങൾ
- പരിശീലന കേന്ദ്രങ്ങളുടെ അഭാവം

**ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ (Proposed Actions)**

- റാന്നി താലൂക്ക് ആശുപത്രിയെ അത്യാധുനിക സൗകര്യങ്ങളുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി (Multi-speciality Hospital) ഉയർത്തും.
- **സ്മാർട്ട് ഹെൽത്ത് & ടെലി-മെഡിസിൻ:** റാന്നി താലൂക്ക് ആശുപത്രിയിൽ അത്യാധുനിക ഡയഗ്നോസ്റ്റിക് സെന്ററും AI അധിഷ്ഠിത ഹെൽത്ത് മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കും. വിദൂര ഗ്രാമങ്ങളിലുള്ളവർക്ക് വീഡിയോ കോൺഫറൻസിങ് വഴി വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കും.
- പി എച്ച് സി കളിൽ ഓൺ കോൾ മൊബൈൽ ക്ലിനിക് സൗകര്യങ്ങൾ, മാനസിക ആരോഗ്യ പരിപാലനവും, വാർദ്ധക്യജന്യ ശുശ്രൂഷയും ലഭ്യമാക്കും.
- പാലിയേറ്റീവ് കെയർ സെന്റർ കൺസോർഷ്യം സാധ്യതകൾ മറ്റു ഏജൻസികളുമായി ചേർന്ന് നടപ്പിലാക്കും.
- ആശുപത്രികളിൽ മികച്ച കംഫർട്ട് സ്റ്റേഷനുകൾ, ഷീ-ടോയ്‌ലറ്റുകൾ (She-Toilets), കഫറ്റീരിയ, ഇന്ദിരാ കാന്റീൻ, കാത്തിരിപ്പു കേന്ദ്രങ്ങൾ എന്നിവ നടപ്പിലാക്കും.

**കായികം:**


- **മൾട്ടി-പർപ്പസ് ഇൻഡോർ സ്റ്റേഡിയം:** വോളിബോൾ, ബാഡ്മിന്റൺ, അത്‌ലറ്റിക്സ് എന്നിവയ്ക്കായി ഉന്നത നിലവാരത്തിലുള്ള ഒരു സ്പോർട്സ് കോംപ്ലക്സ് റാന്നിയിൽ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കും.
- **സ്പോർട്സ് അനലിറ്റിക്സ് ഹബ്ബ്:** കായിക താരങ്ങളുടെ പ്രകടനം മെച്ചപ്പെടുത്താൻ AI ഉപയോഗിച്ചുള്ള വിഷ്വൽ അനാലിസിസ് സംവിധാനങ്ങൾ ഏർപ്പെടുത്തും. ഇത് കുട്ടികളുടെ കായിക നൈപുണ്യത്തെ ശാസ്ത്രീയമായി വിലയിരുത്താൻ സഹായിക്കും.
- സ്കൂൾ, കോളേജ് കായിക പ്രതിഭകൾക്ക് തുടർപരിശീലനം നൽകും.
- **കമ്മ്യൂണിറ്റി ഫിറ്റ്നസ് പാർക്കുകൾ:** പഞ്ചായത്തുകൾ തോറും ഓപ്പൺ ജിമ്മുകളും യോഗാ സെന്ററുകളും നിർമ്മിച്ച് പൊതുജനങ്ങളുടെ ശാരീരികക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി വിവിധ ഏജൻസികളുടെ സഹായത്തോടെ തയ്യാറാക്കും.

ആരോഗ്യമുള്ള ഒരു ജനതയ്ക്കും മികച്ച കായിക പ്രതിഭകളെ വാർത്തെടുക്കാനും ഈ പദ്ധതികൾ വഴി സാധിക്കും.




## ഹ്രസ്വകാല സുസ്ഥിര പദ്ധതികൾ

- റാന്നി പുതിയ പാലം നിർമ്മാണം പൂർത്തീകരിക്കും
- റാന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോ
- റാന്നി മിനി ടെക്നോ പാർക്ക്: ഹൈ ടെക് കോറിഡോർ
- മണിയാർ ജലവൈദ്യുതി പദ്ധതി സർക്കാർ ഏറ്റെടുക്കാൻ സമ്മർദ്ദം ചെലുത്തി നാടിന്റെ സ്വന്തമാക്കി മാറ്റും
- മൾട്ടി സ്പെഷ്യലിറ്റി ഹോസ്പിറ്റൽ: റാന്നി താലൂക്ക് ആശുപത്രി
- ടൈപ്പ് 1 ഡയബറ്റിക് രോഗികളായ കുട്ടികൾക്ക് ഫ്രീ ഇൻസുലിൻ സൗകര്യം ഏർപ്പെടുത്തും.
- സമ്പൂർണ്ണ ശുദ്ധജല വിതരണ പദ്ധതി
- പമ്പയുടെ തീരങ്ങളിൽ സുരക്ഷിത-സംരക്ഷിത കടവുകൾ
- പ്രകൃതിദത്ത ഉറവ സംരക്ഷണ-വികസന പദ്ധതി
- പകൽ വീട് / ജെറിയാട്രിക് കെയർ ഹോം എല്ലാ പഞ്ചായത്തുകളിലും
- മൊബൈൽ ഹെൽത്ത് ക്ലിനിക് / ലാബ് / ടെലി മെഡിസിൻ സേവനം
- കൗൺസലിങ് / മാനസിക ആരോഗ്യ ഹെൽത്ത് സെന്ററുകൾ
- കമ്മ്യൂണിറ്റി ഫിറ്റ്നസ് പാർക്ക് / ജിം
- ആധുനിക കാത്തിരുപ്പ് കേന്ദ്രങ്ങൾ, ശുചിമുറികൾ, ഷീ ടോയിലറ്റ്
- ഇന്ദിരാ കാന്റീൻ, റാന്നി
- ശബരിമല മാസ്റ്റർപ്ലാൻ, റാന്നി പിൽഗ്രീം സെന്റർ / ഇന്റഗ്രേറ്റഡ് പിൽഗ്രിം സർക്യൂട്ട്
- റാന്നിയുടെ പ്രകൃതി സമ്പത്ത് പ്രയോജനപ്പെടുത്തുന്ന പുതിയ സംരംഭകർക്കായി റാന്നി ഇൻവെസ്റ്റ്മെന്റ് മീറ്റ്
- ഇന്നോവേഷൻ ഹബ്: സ്കൂളുകളിൽ എ ഐ സ്മാർട് ലാബ്
- സിവിൽ സർവീസ് അക്കാദമി സെന്റർ - റാന്നിയിൽ.
- മൊബൈൽ ഫാം ലാബ്
- ഡിജിറ്റൽ അഗ്രി മാർക്കറ്റ്: മൊബൈൽ ആപ്ലിക്കേഷൻ
- കാവൽ: വന്യജീവി സംഘർഷ നിവാരണ പദ്ധതി
- ഇക്കോ ടൂറിസം ഹബ്: റിവർ വില്ലേജ്, റിവർ വാക് വേ
- മലയോര ടൂറിസം പാത: ഏറുമാടം - ട്രീ ഹട്
- ദുരന്ത ആഘാത മുന്നറിയിപ്പ് കേന്ദ്രം: റാന്നി ഇ ഓ സി
- ഗ്രാമീണ റോഡുകളുടെ നവീകരണം
- തിരുവാഭരണപാത നവീകരണം
- വിദ്യാലയങ്ങൾക്കു മുന്നിൽ സുരക്ഷിതപാതയൊരുക്കൽ
- റാന്നി പ്ലേസ്മെന്റ് കോൺക്ലേവ്
- റാന്നിയിൽ തനതു കലകൾ, സംസ്കാരം, പ്രോത്സാഹിപ്പിക്കാൻ കൾച്ചറൽ സെന്റർ
- മണ്ഡലത്തിലെ സ്കൂളുകളിൽ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കാൻ പ്രോത്സാഹനം / ഇതിനായി റെസിഡൻഷ്യൽ ക്യാമ്പുകളും കോച്ചിംഗ് സൗകര്യങ്ങളും
- സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പഠനസഹായി / കൈത്താങ്ങ് പദ്ധതി നടപ്പിലാക്കും
- ഒരാൾ മാത്രമുള്ള വീടുകളിൽ സംരക്ഷണ സംവിധാനം സമയബന്ധിതമായി നടപ്പാക്കാൻ കഴിയും.







## ദീർഘകാല പദ്ധതികൾ

- ഇന്റഗ്രേറ്റഡ് അഗ്രോ ടെക് പാർക് / അഗ്രി കോളേജ്
- കേന്ദ്രീകൃത പിൽഗ്രിം റിസോർട്
- കയറ്റുമതി പ്രോത്സാഹന കേന്ദ്രം
- സംരംഭകത്വ പ്രോത്സാഹന കേന്ദ്രം
- പെരുന്തേനരുവി/മാടത്തരുവി വെള്ളച്ചാട്ടം വിനോദസഞ്ചാര വികസന പദ്ധതി മാസ്റ്റർ പ്ലാൻ നടപ്പാക്കും
- റാന്നി സ്മാർട്ട് ടൗൺ പദ്ധതി
- അയിരൂർ ഹെറിറ്റേജ് ഹബ്ബ്: സാംസ്കാരിക കേന്ദ്രം
- വേസ്റ്റ് ടു വെൽത്ത്: കേന്ദ്രീകൃത ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി
- റാന്നി ടൂറിസം കോംപ്ലക്സ്
- ലോജിസ്റ്റിക്സ് & വെയർഹൗസിംഗ് ഹബ്
- ഹൈടെക് ഇൻഡോർ സ്റ്റേഡിയം റാന്നിയിൽ
- ടൂറിസം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് മോട്ടലുകൾ
- വന്യമൃഗ ആക്രമണങ്ങൾ അവസാനിപ്പിക്കാൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ തേടും
- മരം മുറിയ്ക്കാൻ തടസ്സമായി നിൽക്കുന്ന നിയമത്തിൽ ഇളവ്കൊണ്ടുവരാൻ സമ്മർദ്ദം ചെലുത്തും

## റാന്നി-ഹെറിറ്റേജ് റാണി: കലാ-വിനോദസഞ്ചാരം: പൈതൃകവും ആധുനികതയും സംഗമിക്കുന്ന റാന്നി

റാന്നിയുടെ പ്രകൃതിഭംഗിയും സാംസ്കാരിക തനിമയും കോർത്തിണക്കി പ്രാദേശിക സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**നിലവിലെ പ്രധാന പ്രതിസന്ധികൾ (Major Challenges)**

- സാംസ്കാരിക വിസ്മൃതി
- അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
- ഏകോപനമില്ലായ്മ

**ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ (Proposed Actions)**

- കലാ-സാംസ്കാരിക പൈതൃകം (Arts & Culture)
- ശബരിമല അന്തർദ്ദേശീയ തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഇടത്താവളങ്ങളിൽ കൾച്ചറൽ സെന്ററുകളും സാംസ്കാരിക പരിപാടികളും ആവിഷ്കരിക്കും.
- റാന്നി പൈതൃക ഗ്രാമം: നാടൻ കലകൾ പ്രദർശിപ്പിക്കാനും പഠിക്കാനും ഒരു സാംസ്കാരിക കേന്ദ്രം ആരംഭിക്കും

